പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5803** **16-03-2023-ൽ മറുപടിയ്ക്ക്**

**ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ നിലവാരമുയർത്തുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**മറുപടി: സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനു വേണ്ടി ആശുപത്രികളിലെ സേവനം മികവുറ്റതാക്കുന്നതിനും, ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളാണ് 'ആർദ്രം' പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുന്നതു വഴി മെച്ചപ്പെട്ട സേവനം നൽകുന്നതിനും തിരക്ക് ഒഴിവാക്കുന്നതിനും കഴിയുന്നു. കിഫ്ബി, നബാർഡ് ഫണ്ടുകൾ മുഖേനയും സംസ്ഥാന പ്ലാൻ ഫണ്ട്, ബഹു. എം.എൽ.എ. ഫണ്ട്, എൽ.എസ്.ജി.ഡി. ഫണ്ട് മുതലായവ ഉപയോഗിച്ചും ആശുപത്രികളുടെ അടിസ്ഥാനസൗകര്യം വികസിപ്പിച്ച് ആശുപത്രികളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആർദ്രം മാനദണ്ഡം അനുസരിച്ച് ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളായും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും, ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്ത് ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികളുടെ പ്രവർത്തന നിലവാരം ഉയർത്തുന്നതിനു വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3377 തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് 385 തസ്തികകളും ആരോഗ്യ വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും ആയി സൃഷ്ടിച്ചിട്ടുണ്ട്.**

**സർക്കാർ മെഡിക്കൽകോളേജ്, തിരുവനന്തപുരം.**

ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 110 കിടക്കകളുള്ള അത്യാധുനിക പോസ്റ്റ് ഓപ്പറേഷൻ വാർഡുകൾ ക്രമീകരിച്ചു. എമർജൻസി മെഡിസിൻ വിഭാഗം രൂപീകരിച്ചു. അടിയന്തിര ചികിത്സാ സംവിധാനങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. സി.റ്റി സ്കാൻ, ക്യാൻസർ രോഗികൾക്ക് വേണ്ടിയുള്ള അത്യാധുനിക ചികിത്സാ സംവിധാനമായി ലീനാക് എന്നിവ സ്ഥാപിച്ചു. ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത ചികിത്സയ്ക്കായി കാത്ത് ലാബും തീവ്ര പരിചരണ വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. ബേൺസ് ചികിത്സാ സംവിധാനം, സ്കിൻ ബാങ്ക് എന്നിവ വിപുലീകരിച്ചു. 100 കിടക്കകളുള്ള തീവ്ര പരിചരണ വിഭാഗവും വയോജനങ്ങൾക്കു വേണ്ടി 30 ബെഡ്ഡോടു കൂടി ജീറിയാട്രിക്സ് വാർഡും മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജീകരിച്ചു.

ലാബുകളിലെല്ലാം കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തി. എല്ലാ വാർഡുകളിലും കേന്ദ്രീകൃത ഓക്സിജൻ സംവിധാനം സജ്ജമാക്കി.

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ വാർഡ് 4 ഇന്റൻസീവ് കെയർ യൂണിറ്റ്, പീഡിയാട്രിക് നെഫ്രോളജി വിഭാഗത്തിൽ 4 ഹീമോ ഡയാലിസിസ് മെഷീനുകൾ എന്നിവ ലഭ്യമാക്കി.

സ്പൈനൽ മസ്കുലാർ അട്രോഫി എന്ന രോഗ ബാധിതരായ കുട്ടികൾക്ക് അർഹമായ ചികിത്സ നൽകി. ആധുനിക സൗകര്യങ്ങളോടു കൂടിയ ഐ.സി.യു സംവിധാനം ഒരുക്കി. ശിശു സൗഹൃദ സംരക്ഷണ ആശുപത്രി എന്നതിൽ നിന്നും മാതൃ ശിശു സംരക്ഷണ സൗഹൃദ ആശുപത്രിയാക്കി മാറ്റി പുതിയ ഒ.പി ബ്ലോക്ക് പണി കഴിപ്പിച്ച് അതിൽ അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി. കാലപ്പഴക്കമുള്ള വാർഡുകൾ പുതുക്കി പണിതു. എച്ച്.എൽ.എൽ ന്റെ കീഴിൽ ആശുപത്രിയ്ക്കകത്ത് MRI, CT സ്കാനുകൾ എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. രോഗികൾക്ക് ശുദ്ധമായ കുടി വെള്ളം, വൃത്തിയുള്ള ശുചി മുറികൾ, ഒ.പി ബ്ലോക്കിൽ ലഘു ഭക്ഷണശാല എന്നിവ സ്ഥാപിച്ചു.

പീഡിയാട്രിക്സ് വിഭാഗത്തിൽ കുട്ടികളുടെ ഡയബറ്റിക് ചികിത്സയ്ക്കായി മിഠായി ക്ലിനിക് ആരംഭിച്ചു.

നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു. ഗ്യാസ്ട്രോ എന്ററോളജി ചികിത്സകൾ, കാർഡിയോ തൊറാസിക് യൂണിറ്റ് എന്നിവ ആരംഭിച്ചു. കാത്ത് ലാബ് നിർമ്മിച്ചു. ശിശു ഹൃദയ ശസ്ത്രക്രിയ യൂണിറ്റ് ആരംഭിച്ചു. പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിൽ പുതിയ ഇ.ഇ.ജി ലാബ്, ക്ലാസ്സ് മുറി, ഐ.സി.യു എന്നിവ നിർമ്മിച്ചു.

ഗൈനക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ആധുനിക സൗകര്യങ്ങളോടു കൂടിയ ഒ.പി ബ്ലോക്ക് പണി കഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു.

**<u>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കൊല്ലം</u>**

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി ട്രോമാ കെയർ ബ്ലോക്ക് പണി കഴിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കൂടാതെ ഒരു ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കും ഒരു ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കും പണിയുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരികയാണ്.

**<u>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കോന്നി</u>**

300 കിടക്കകൾ ഉള്ള ടീച്ചിംഗ് ഹോസ്പിറ്റൽ (32000 സ്ക്വ. മീ) മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് (16300 സ്ക്വ. മീ) ക്യാമ്പസിന് അകത്തുള്ള റോഡുകൾ എന്നിവയുടെ ഒന്നാംഘട്ട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് വ്യവസ്ഥകളോടെ പാരിസ്ഥിതിക അനുമതി ലഭ്യമാക്കി. ആശുപത്രിയുടെയും കോളേജിന്റെയും അനുബന്ധമായി നിർമ്മിക്കേണ്ട മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, ലോൺട്രി, അനിമൽ ഹൗസ്, ആഡിറ്റോറിയം, മോർച്ചറി, ക്യാന്റീൻ, 200 കിടക്കകളുള്ള ആശുപത്രിയുടെ രണ്ടാമത്തെ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം ആരംഭിച്ചു. ബുക്കുകൾ, ക്ലാസ്സ് റൂം, ലേബർ റൂം, ബ്ലഡ് ബാങ്ക്, മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ, ലാബ് ഉപകരണങ്ങൾ മുതലായവ ഒരുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്റേണൽ റോഡ്, സംപ്, എസ്.റ്റി.പി, എൻട്രൻസ് ഗേറ്റ് മുതലായവ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തീയേറ്റർ

സംവിധാനം ഒരുക്കി. 100 എം.ബി.ബി.എസ് സീറ്റുകളിൽ ക്ലാസ്സുകൾ ആരംഭിച്ചു. 30 ബെഡിനുള്ള ഓക്സിജൻ സംവിധാനം കാഷ്വലിറ്റിയിൽ ലഭ്യമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യം ഒരുക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാർമസി സൗകര്യം ഒരുക്കി. അത്യാഹിത വിഭാഗത്തിൽ ഫർണിച്ചറുകൾ ലഭ്യമാക്കി. ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി. റേഡിയോ ഡയഗനോസിസ് വിഭാഗത്തിൽ ജില്ലയിൽ സർക്കാർ മേഖലയിലെ ആദ്യത്തെ 128 സ്ലൈഡ് സി.റ്റി സ്കാൻ സ്ഥാപിച്ചു. അൾട്രാ സൗണ്ട് സ്കാൻ ആരംഭിച്ചു. മോഡുലാർ ഓപ്പറേഷൻ തീയേറ്ററുകൾ സ്ഥാപിക്കുന്നതിന് തുക അനുവദിച്ചു. ആധുനിക രീതിയിലുള്ള ലേബർ റൂം നിർമ്മിക്കുന്നതിനുള്ള ലക്ഷ്യ പദ്ധതിക്ക് അനുമതി ലഭ്യമാക്കി. ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിച്ചു. പത്ത് നിലകളുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണം ആരംഭിച്ചു. ബോയ്സ് ഹോസ്റ്റലിന്റെയും ലേഡീസ് ഹോസ്റ്റലിന്റെയും നിർമ്മാണം ആരംഭിച്ചു. ഒഫ്ത്താൽമോളജി വിഭാഗത്തിൽ ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ് ടേബിൾ സ്ഥാപിക്കാൻ അനുമതി നൽകി. ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വിത്ത് ഒബ്സർവൻസ് ക്യാമറ ആന്റ് വീഡിയോ സ്ഥാപിക്കാൻ അനുമതി നൽകി. ആട്ടോറഫ് കേരറ്റോ മീറ്റർ യു.എസ്.ജി.എ സ്കാൻ, ഫാകോ മെഷീൻ, സെന്റർ കോൻ എന്നിവയ്ക്കും അനുമതി നൽകി. ജനറൽ സർജറി വിഭാഗത്തിൽ എച്ച്.ഡി ലാപ്രോസ്കോപ്പിക് സിസ്റ്റം ലാപ്രോസ്കോപ്പിക് ഹാൻഡ് ആക്സസറീസ് ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ് ടേബിൾ എന്നിവയ്ക്കും അനുമതി നൽകി. ഓർത്തോ പീഡിക്സ് വിഭാഗത്തിൽ സി.ആം ഇമേജ് ഇന്റൻസിഫയർ സ്ഥാപിക്കുന്നതിനും അനുമതി നൽകി. അക്കാദമിക് ബ്ലോക്ക് ഗ്രൗണ്ട് ഫ്ലോറിൽ അനാട്ടമി വിഭാഗം ലാബ്, അനാട്ടമി മ്യൂസിയം, ലൈബ്രറി, ലക്ചർ തീയറ്റർ മുതലായവ സജ്ജീകരിച്ചു. ടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഫാർമക്കോളജി വിഭാഗം ലാബ്, ബയോകെമിസ്ട്രി വിഭാഗം ലാബ് മുതലായവ സജ്ജീകരിച്ചു. ടി കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഫിസിയോളജി ലാബ്, പ്രിൻസിപ്പാളിന്റെ കാര്യാലയം, പരീക്ഷാ ഹാൾ, ലക്ചറർ ഹാൾ മുതലായവ സജ്ജീകരിച്ചു. ടി കെട്ടിടത്തിന്റെ മൂന്നാം നിലയിൽ പത്തോളജി വിഭാഗം ലാബ്, മൈക്രോബയോളജി ലാബ് മുതലായവ സജ്ജീകരിച്ചു. അൾട്രാ സൗണ്ട് സ്കാൻ പ്രവർത്തനക്ഷമമാക്കി. ആശുപത്രിയിലേക്ക് മോഡുലാർ ഓപ്പറേഷൻ തീയറ്ററിന് അനസ്തേഷ്യ വർക്ക് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ബുക്ക്സ് ആന്റ് ജേണൽസ്, ഫർണിച്ചറുകൾ ഉൾപ്പെടെ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. സി.റ്റി സ്കാൻ മെഷീൻ ഇൻസ്റ്റാൾ ചെയ്ത് AERB അംഗീകാരം ലഭിച്ചു.

**<u>സർക്കാർ മെഡിക്കൽകോളേജ്, കോട്ടയം</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം മെഡിക്കൽ കോളേജിൽ രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനായി പുതിയ ഒ.പി കാഷ്വാലിറ്റി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. Establishing Institute of Infectious diseases at Govt.medical College, Kottayam എന്ന പദ്ധതിക്കായി ഭരണാനുമതി ലഭ്യമാക്കി. ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ PWD മുഖേന പുരോഗമിച്ചു വരുകയാണ്.

**<u>സർക്കാർ മെഡിക്കൽകോളേജ്, ആലപ്പുഴ</u>**

ആലപ്പുഴ ഗവ. റ്റി.ഡി മെഡിക്കൽ കോളേജിനെ ലോകോത്തരനിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി (PMSSY ബ്ലോക്ക്) പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു ഉപയോഗ സജ്ജമാക്കി.

നബാർഡ് ധനസഹായത്തോടെ ഒ & ജി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 2023 മാർച്ചിൽ പ്രവർത്തനം ആരംഭിക്കും. കോംപ്രിഹൻസീവ് സ്ട്രോക്ക് യൂണിറ്റ്, ട്രോമാകെയർ യൂണിറ്റ് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ കേന്ദ്രഫണ്ട് ഉപയോഗിച്ചുള്ള ഒരു ട്രോമാകെയർ യൂണിറ്റ് ICU, Operation Theatre, ട്രയാജ് സൗകര്യത്തോടെ പ്രവർത്തിയ്ക്കുന്നുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം</u>**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 8.27 ലക്ഷം സ്ക്വയർഫീറ്റിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പണികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ശിശുരോഗവിഭാഗ വാർഡിൽ Centre of Excellence ന്റെ പണികൾ പൂർത്തീകരിച്ചു. NHM വഴി Critical Care Block ന് ഭരണാനുമതി നൽകിയിട്ടുണ്ട്. Isolation Room Complex- All isolation rooms in one floor with ICU care ന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. Modernization of the 2 nos of existing bed cum passenger lift at block 5 ICU block and Block 6 Gynec ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. Multi Disciplinary ICU Expansion നു വേണ്ടി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. ആശുപത്രി അത്യാഹിത വിഭാഗം നവീകരിച്ചു. ഡയാലിസിസ് ബ്ലോക്ക് വിപുലീകരിച്ച പ്രവർത്തനം ആരംഭിച്ചു. പ്രമേഹബാധിതരായ കുട്ടികൾക്ക് സൗജന്യമായി ഇൻസുലിൻ ഉൾപ്പെടെയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് മിഠായി പദ്ധതിയുടെ സാറ്റലൈറ്റ് സെന്റർ ആരംഭിച്ചു. ലേബർ റൂമിൽ അടിയന്തിര ഓപ്പറേഷൻ തിയേറ്റർ സ്ഥാപിച്ചു. ഒ പി രജിസ്ട്രേഷൻ കൗണ്ടറിൽ ടോക്കൺ സംവിധാനം, വാർഡുകളിലെ അറിയിപ്പ് സംവിധാനം, ഐ സി യു വിൽ ബൈസ്റ്റാൻഡർ കോളിംഗ് സിസ്റ്റം സ്ഥാപിക്കുന്ന വർക്കുകൾ എന്നിവ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. OP കൗണ്ടർ വിശാലമാക്കുകയും 8 കൗണ്ടറുകൾ സ്ഥാപിച്ചു നവീകരിക്കുകയും ചെയ്തു. രോഗിപരിചാരകർക്ക് മരുന്ന് തേടി നടക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ബെഡ്സൈഡിൽ തന്നെ മരുന്ന് എത്തിക്കുന്നതിനായി ഒരു ഫാർമസിസ്റ്റ്, 2 അറ്റൻഡർ എന്നിവരെ നിയമിച്ച് കാസ്പ് ഫാർമസി ആരംഭിച്ചു. വനിത വിശ്രമകേന്ദ്രം നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ക്യാമ്പസ്സിൽ ഹൈമാസ്റ്റ് വിളക്കുകൾ ഉൾപ്പെടെയുള്ള വിപുലമായ സ്ട്രീറ്റ് സംവിധാനം ഒരുക്കി. എസ് ടി പി പ്ലാന്റ് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. Renovation of room behind the Cytology ലാബിന്റെ പ്രവൃത്തി പൂർത്തീകരിച്ച പ്രവർത്തനം ആരംഭിച്ചു. Construction of Biomedical waste storage shed ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. എച്ച് ഐ വി ബാധിതരായ രോഗികൾക്കായി എ ആർ ടി സെന്റർ ആരംഭിച്ചു.

**<u>സർക്കാർ മെഡിക്കൽകോളേജ്, ഇടുക്കി</u>**

ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതിയ ആശുപത്രി ബ്ലോക്കിന്റെ പണി പൂർത്തിയാക്കി ഒ.പി, ലാബ് എന്നിവ സജ്ജീകരിച്ചു. ബ്ലോക്ക് 2 ന്റെ പണി പുരോഗമിച്ചു വരുന്നു. 2022-2023 വർഷം മുതൽ 100 എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകി ക്ലാസ്സുകൾ ആരംഭിച്ചു.

റെസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആശധാര (ഹീമോഫീലിയ) ലാബിന്റെ ഉദ്ഘാടനം നടത്തി.

**<u>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ</u>**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ Medical Innovation Technology-യിൽ Consortium രൂപീകരിച്ച് മെഡിക്കൽ മേഖലയിലെ പുതിയ ഗവേഷണവും നൂതന ചികിത്സാ ഉപകരണങ്ങളുടെ പുതിയ ആശയങ്ങളും കൈക്കൊണ്ട് അവയെ പ്രാവർത്തികമാക്കുന്നതിനായി K-Disc ന്റെ നേതൃത്വത്തിൽ നടപടി എടുത്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളായി K-Disc മുഖാന്തിരം Medical Consortium-ത്തിന്റെ സഹകരണത്തോടു കൂടി ചികിത്സാ രീതികൾ കൂടുതൽ

മികവുള്ളതാക്കുവാൻ നൂതന മെഡിക്കൽ ഇന്നോവേഷൻസും, സാങ്കേതിക ഇന്നോവേഷൻസും നടപ്പിലാക്കി വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി</u>**

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത്, ഇ-സഞ്ജീവനി പദ്ധതികൾ, വിവിധ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതു വഴി ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**

സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ചുവടെ നൽകിയിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ മുതലുള്ള കാര്യങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. അത്യാധുനിക ചികിൽസ ആവശ്യമായ രോഗികൾക്ക് ആയത് ലഭ്യമാക്കുന്നതിനായി ചില വിഭാഗങ്ങൾക്ക് കീഴിൽ അനുബന്ധ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

5 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, 19 ഓപ്പറേഷൻ തീയേറ്ററുകൾ, 10 തീവ്ര പരിചരണ യൂണിറ്റുകൾ, IPD, ഫാക്കൽറ്റി ഏരിയ എന്നിവ ഉൾക്കൊള്ളുന്ന പി.എം.എസ്.വൈ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മാർച്ച് നാലാം തീയതി ഉദ്ഘാടനം ചെയ്തു നാടിന് സമർപ്പിച്ചു.

ഉയർന്ന നിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ താഴെ പറയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒ.പി ആൻഡ് ഡയഗ്നോസ്റ്റിക് ബ്ലോക്ക് നിർമ്മാണത്തിന് നടപടികൾ പൂർത്തിയായി വരുന്നു.

സാംക്രമിക രോഗങ്ങളുടെ ചികിൽസയ്ക്കായി ഐസൊലേഷൻ ബ്ലോക്ക് നിർമ്മാണത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ആർദ്രം പദ്ധതിക്ക് കീഴിൽ ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ഓർത്തോപീഡിക്സ് ഒ.പി.ഡി, ജനറൽ മെഡിസിൻ ഒ.പി.ഡി, സൈക്യാട്രി ഒ.പി.ഡി എന്നിവയുടെ നവീകരണ പ്രവൃത്തികളും ആർദ്രം പദ്ധതിക്ക് കീഴിൽ പൂർത്തിയാക്കിയിട്ടുണ്ട്.

ഇ-ഹെൽത്ത് പദ്ധതി പ്രകാരം നിലവിൽ Institute of Chest Diseases (ICD) യിൽ ഐ.ഡി രജിസ്ട്രേഷനുകൾ, ഒ.പി കൺസൾട്ടേഷൻ അഡ്മിഷൻ, ലാബ്, അഡ്വാൻസ്ഡ് ഓഫ് ലൈൻ ടോക്കൺ ബുക്കിംഗ് മൊഡ്യൂളുകൾ എന്നിവ പൂർത്തിയാക്കി. ഐ.എം.സി.എച്ച് ഒ.പി.ഡി രജിസ്ട്രേഷന്റെ ഘട്ടത്തിലാണ്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ലെവൽ - 1 ട്രോമ കെയർ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. വർദ്ധിച്ചു വരുന്ന കാൻസർ രോഗികൾക്ക്

അതിനൂതന രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച പെറ്റ് സി.ടി സ്കാനർ സ്ഥാപിക്കുക വഴി നിലവിൽ സ്വകാര്യ മേഖലയിൽ മാത്രം ലഭ്യമായ ഈ ഉപകരണം സർക്കാർ മെഡിക്കൽ കോളേജിൽ കൂടുതൽ പാവപ്പെട്ട രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് സഹായകമായിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.സി.എച്ച്, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, പി.എം.എസ്.എസ്.വൈ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നീ ആശുപത്രികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ആകാശപാത രോഗികൾക്ക് ദ്രുതഗതിയിൽ ചികിത്സ ലഭിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

ബേൺസ് യൂണിറ്റിന് പ്രത്യേക ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് സജ്ജമാകുന്നതോടു കൂടി തീപ്പൊള്ളലേൽക്കുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യാൻ കഴിയുന്നതാണ്.

നിലവിലുള്ള ബയോ സേഫ്റ്റി ലെവൽ -2 ലബോറട്ടറി ബയോ സേഫ്റ്റി ലെവൽ -3 ആക്കി ഉയർത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ആയത് സ്ഥാപിക്കുന്നതോട് കൂടി അതി തീവ്രതയുള്ള വൈറസ് രോഗങ്ങളുടെ അതിവേഗത്തിലുള്ള രോഗ നിർണ്ണയ സംവിധാനം നിലവിൽ വരുന്നതാണ്.

അതിനൂതന ക്യാൻസർ ചികിത്സക്കായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓങ്കോളജി ആൻറ് ടെർഷ്യറി കെയർ സെൻറർ നിലവിൽ വന്നിട്ടുണ്ട്. ഓങ്കോളജി ആൻറ് ടെർഷ്യറി കെയർ സെന്ററിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ടെണ്ടർ സ്റ്റേജിലാണ്. മെഡിക്കൽ ഓങ്കോളജി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

ന്യൂറോ ചികിത്സക്ക് മാത്രമായി സ്ട്രോക്ക് സെന്ററിന്റെ പ്രവർത്തി ആരംഭിച്ചിട്ടുണ്ട്.

ചികിത്സ തേടുന്ന രോഗികൾക്ക് കുറഞ്ഞ നിരക്കിൽ വിശ്വസനീയമായ തൻമാത്രാ അധിഷ്ഠിത പരിശോധനകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഡയഗ്നോസ്റ്റിക് മോളിക്യുലാർ ലാബ് പ്രവർത്തിച്ചു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ</u>**

കണ്ണൂർ ഗവ.മെഡിക്കൽ കോളേജിൽ അടിസ്ഥന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കാത്ത് ലാബ്, ഹാർട്ട്ലങ്ങ് മെഷീൻ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഐ.എ.ബി.പി മെഷീൻ മുതലായ സൗകര്യങ്ങൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

**നാഷണൽ ഹെൽത്ത് മിഷൻ മുഖേന സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ നവീകരണ പ്രവർത്തികളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.**

**(ബി)** ആയതിനായി സംസ്ഥാനത്തെ ആശുപത്രികളുടെയും മെഡിക്കൽ കോളേജുകളുടെയും അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.

**(സി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും എത്ര വാർഡുകളുണ്ടെന്നും എത്ര കിടക്കകളുണ്ടെന്നും അറിയിക്കാമോ; രോഗികളുടെ എണ്ണത്തിന് ആനുപാതികമായി വാർഡുകളുടെയും കിടക്കകളുടെയും എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** **<u>സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**

വാർഡ് - 56

കിടക്കകൾ - 2759

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി

വാർഡുകളുടെയും കിടക്കകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം</u>**

വാർഡ് - 12

കിടക്കകൾ - 470

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി വാർഡുകളുടെ എണ്ണം 8-ൽ നിന്നും 12 ആയും കിടക്കകളുടെയും എണ്ണം 300-ൽ നിന്നും 470 ആയും ഉയർത്തിയിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</u>**

വാർഡ് - 10

കിടക്കകൾ - 300

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u>**

വാർഡ് - 42

കിടക്കകൾ - 3018

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി കിടക്കകളുടെ എണ്ണത്തിൽ 10% വാർഷിക വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**

വാർഡ് - 32

കിടക്കകൾ - 1572

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി

വാർഡുകളുടെയും കിടക്കകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**

വാർഡ് - 28

കിടക്കകൾ - 650

**<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**

വാർഡ് - 17

കിടക്കകൾ - 1436

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി

വാർഡുകളുടെയും കിടക്കകളുടെയും എണ്ണത്തിൽ വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>**

വാർഡ് - 12

കിടക്കകൾ - 430

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി

വാർഡുകളുടെയും കിടക്കകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**

വാർഡ് - 111

കിടക്കകൾ - 3032

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി

വാർഡുകളുടെയും കിടക്കകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ</u>**

വാർഡ് - 47

കിടക്കകൾ - 850

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി

**വാർഡുകളുടെയും കിടക്കകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.**

**(ഡി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എത്ര സി.ടി.സ്കാൻ, എം.ആർ.ഐ.സ്കാൻ മെഷീനുകൾ, വെന്റിലേറ്ററുകൾ, കാത് ലാബ്, അനുബന്ധ സൗകര്യങ്ങൾ, സ്ട്രോക്ക് ക്ലിനിക്കുകൾ എന്നിവയുണ്ടെന്ന് മെഡിക്കൽ കോളേജുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഇവ പ്രയോജനപ്പെടുത്തുന്നതിന് കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** **<u>സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**

സി.റ്റി സ്കാൻ - 4

എം.ആർ.ഐ സ്കാൻ - 2

കാത്ത് ലാബ് - 5

വെന്റിലേറ്റർ - 254

സ്ട്രോക്ക് ക്ലിനിക് ആഴ്ചയിൽ 1 ദിവസം പ്രവർത്തിക്കും.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് റേഡിയോ ഡയഗ്നോസിസിന്റെ കീഴിൽ ഒരു എം.ആർ.ഐ മെഷീൻ ഉണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം</u>**

സി.റ്റി സ്കാൻ - 1

എം.ആർ.ഐ സ്കാൻ - ഇല്ല

കാത്ത് ലാബ് - 1

വെന്റിലേറ്റർ - 82

രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഇവ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</u>**

സി.റ്റി സ്കാൻ - 1

വെന്റിലേറ്റർ - 2

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u>**

സി.റ്റി സ്കാൻ - 1

എം.ആർ.ഐ സ്കാൻ - 1

കാത്ത് ലാബ് - 2

വെന്റിലേറ്റർ - 198

ഇവ 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാൽ മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**

സി.റ്റി സ്കാൻ - 2

എം.ആർ.ഐ സ്കാൻ - 1

കാത്ത് ലാബ് - 1

വെന്റിലേറ്റർ - 154

കൂടാതെ, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽ ഒരു സി.റ്റി സ്റ്റിമുലേറ്റർ മെഷീനും പൾമണറി മെഡിസിൻ വിഭാഗത്തിൽ 2 BiPAP മെഷീനും ഉണ്ട്. പുതുതായി പണി കഴിപ്പിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ കാർഡിയോളജി വിഭാഗത്തിനായി

3 D മാർക്കിംഗ് സൗകര്യങ്ങളോടു കൂടിയ നൂതന കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നവീന രീതിയിലുള്ള എക്കോ, റ്റി.എം.റ്റി, ഇ.സി.ജി, ഹോൾട്ടർ എന്നീ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. രോഗികളുടെ എണ്ണത്തിന് ആനുപാതികമായി മേൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**

സി.റ്റി സ്കാൻ - 1

എം.ആർ.ഐ സ്കാൻ - 1

കാത്ത് ലാബ് - 1

വെന്റിലേറ്റർ - 80

**<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>**

സി.റ്റി സ്കാൻ - 1

വെന്റിലേറ്റർ - 12

**<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**

സി.റ്റി സ്കാൻ - 2

എം.ആർ.ഐ സ്കാൻ - 1

കാത്ത് ലാബ് - 1

വെന്റിലേറ്റർ - 130

**<u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി</u>**

സി.റ്റി സ്കാൻ - 2

കാത്ത് ലാബ് - 1

വെന്റിലേറ്റർ - 108

**<u>സർക്കാർ മെഡിക്കൽ കോളേജ്,, കോഴിക്കോട്</u>**

സി.റ്റി സ്കാൻ - 3

എം.ആർ.ഐ സ്കാൻ - 2

കാത്ത് ലാബ് - 2

വെന്റിലേറ്റർ - 180_

**<u>സർക്കാർ മെഡിക്കൽ കോളേജ്,,കണ്ണൂർ</u>**

സി.റ്റി സ്കാൻ - 1

എം.ആർ.ഐ സ്കാൻ - 1

കാത്ത് ലാബ് - 3

വെന്റിലേറ്റർ - 120

**സെക്ഷൻ ഓഫീസർ**

അനുബന്ധം II

## ആരോഗ്യ വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴ് പദ്ധതികൾക്കായി 98.6081 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | Trenche | തുക ലക്ഷത്തിൽ |
|---|---|---|---|
| 1. | പത്തനംതിട്ട ജനറൽ ആശുപത്രി, ഒ.പി ബ്ലോക്ക് നിർമ്മാണം | XXVII | 2216.85 |
| 2. | എഴുമറ്റൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിടം | XXVII | 800.00 |
| 3. | കൂടൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം | XXVII | 662.16 |
| 4. | അംഗമാലി തലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം -ഒന്നാം ഘട്ടം | XXVII | 626.00 |
| 5. | മലയാലപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം | | 762.80 |
| 6. | കുറ്റ്യാടി താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം | XXVIII | 2850.00 |
| 7. | പുലയനാർകോട്ട നെഞ്ചു രോഗാശുപത്രിയിൽ പുതിയ ബ്ലോക്ക് | XXVIII | 1943.00 |
| ആകെ | | | 9860.81 |

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

| മെഡിക്കൽ കോളേജ് | ചെലവഴിച്ച തുക |
|---|---|
| തിരുവനന്തപുരം | 89,80,47,936 |
| കൊല്ലം | 43,28,66,568 |
| കോന്നി | 9,35,16,000 |
| കോട്ടയം | 50,87,08,107 |
| ആലപ്പുഴ | 34,98,49,627 |
| എറണാകുളം | 33,58,97,434 |
| ഇടുക്കി | 23,99,78,450 |
| തൃശ്ശൂർ | 43,18,20,000 |
| മഞ്ചേരി | 43,91,50,536 |
| കോഴിക്കോട് | 83,94,87,751 |
| കണ്ണൂർ | 30,14,58,552 |

NHM മുഖേന ചെലവഴിച്ച തുക

| വർഷം | ദേശീയ ആരോഗ്യ മിഷൻ മുഖേന | NHM ന് അനുവദിച്ച സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന | NHM ന് അനുവദിച്ച മറ്റ് CSR ഫണ്ടുകൾ ഉപയോഗിച്ച് | ആകെ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2021-22 | 63.56 കോടി | 8.24 കോടി | 1.90 കോടി | 73.70 കോടി |
| 2022-23 | 45.50 കോടി | 17.84 കോടി | 0.75 കോടി | 64.10 കോടി |

സെക്ഷൻ ഓഫീസർ